✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1030

# സൂറ – 33 / അൽ അഹ്സാബ്

**സൂക്തം: 20 – 21**

നിങ്ങളുടെ മാതൃകാ പുരുഷൻ പ്രവാചകനാണ്. അടിയന്തരാവസ്ഥയിൽ അദ്ദേഹത്തിന്റെ നിലപാടും നടപടികളും പിന്തുടരുകയായിരുന്നു നിങ്ങൾ ചെയ്യേണ്ടിയിരുന്നത്. ശത്രുക്കളുടെ ആഗമനം അറിഞ്ഞപ്പോൾ അദ്ദേഹം ഭയവിഹ്വലനായില്ല. മദീന വിട്ട് ഓടിപ്പോകുന്നതിനെക്കുറിച്ച് ആലോചിച്ചില്ല. ഒട്ടും കീഴടങ്ങാൻ തയാറായതുമില്ല. ശത്രുക്കളുടെ ആക്രമണം ചെറുക്കാനും അവരെ പിന്തിരിപ്പിക്കാനും തന്ത്രങ്ങളാവിഷ്കരിച്ച് ധീരമായ പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയാണ് ചെയ്തത്.

يَحۡسَبُونَ ٱلۡأَحۡزَابَ لَمۡ يَذۡهَبُواْۖ وَإِن يَأۡتِ ٱلۡأَحۡزَابُ يَوَدُّواْ
لَوۡ أَنَّهُم بَادُونَ فِي ٱلۡأَعۡرَابِ يَسۡـَٔلُونَ عَنۡ أَنۢبَآئِكُمۡۖ
وَلَوۡ كَانُواْ فِيكُم مَّا قَٰتَلُوٓاْ إِلَّا قَلِيلٗا ﴿٢٠﴾

20. സഖ്യസേനകൾ തങ്ങളെ വിട്ടുപോയിട്ടില്ലെന്നാണവർ കരുതുന്നത്. അവരിനിയും അക്രമിക്കാനെത്തുന്നുവെങ്കിൽ, മരുഭൂമിയിൽ ചെന്ന് നിങ്ങളുടെ സ്ഥിതിഗതികൾ അന്വേഷിച്ചുകൊണ്ട് ഗ്രാമീണ അറബികൾക്കിടയിൽ ഒളിച്ചുപാർക്കാൻ കഴിഞ്ഞെങ്കിൽ എന്ന് അവർ ആഗ്രഹിക്കുന്നു. ഇനി നിങ്ങളുടെ കൂട്ടത്തിൽ തന്നെ ഉണ്ടായാലും നാമമാത്രമായേ അവർ പോരാടുകയുള്ളൂ.

**20**

കക്ഷികളെ (സഖ്യസേനകൾ) = الْأَحْزَابَ അവർ കരുതുന്നു (ന്നത്) = يَحْسَبُونَ

അവർ (തങ്ങളെ വിട്ട്) പോയിട്ടില്ലെന്ന് = لَمْ يَذْهَبُوا

(ഇനിയും അവർ) കക്ഷികൾ വരു(ആക്രമിക്കാനെത്തു)ന്നുവെങ്കിൽ = وَإِن يَأْتِ الْأَحْزَابُ

എങ്കിൽ അവർ (അവർക്കു കഴിഞ്ഞെങ്കിൽ എന്ന്) = لَوْ أَنَّهُم അവർ ആഗ്രഹിക്കുന്നു = يَوَدُّوا

മരുഭൂമിയിൽ ഗ്രാമീണ അറബികൾക്കിടയിൽ താമസിക്കുന്നവർ (മരുഭൂമിയിൽ ചെന്ന് ഗ്രാമീണ അറബികൾക്കിടയിൽ ഒളിച്ചു പാർക്കാൻ) = بَادُونَ فِي الْأَعْرَابِ

നിങ്ങളുടെ വാർത്ത(സ്ഥിതിഗതി)കൾ അന്വേഷിച്ചുകൊണ്ട് = يَسْأَلُونَ عَنْ أَنبَائِكُمْ

(ഇനി) അവർ നിങ്ങളിൽ (ങ്ങളുടെ കൂട്ടത്തിൽതന്നെ) ഉണ്ടായാലും = وَلَوْ كَانُوا فِيكُم

കുറച്ചല്ലാതെ (നാമമാത്രമായേ) = إِلَّا قَلِيلًا അവർ യുദ്ധം ചെയ്തില്ല (പോരാടുകയുള്ളൂ) = مَّا قَاتَلُوا

ഖുറൈളാ ഗോത്രം മുസ്‌ലിംകളുമായുള്ള സന്ധി ലംഘിച്ച് ഖുറൈശിപക്ഷം ചേർന്നതും അത് അവരുടെ യുദ്ധാവേശം മൂർഛിപ്പിച്ചതും മുസ്‌ലിംകളുടെ ഭീതി വർധിപ്പിച്ചതും നേരത്തേ സൂചിപ്പിച്ചിട്ടുണ്ടല്ലോ. തങ്ങൾക്ക് യുദ്ധസജ്ജരാകാൻ പത്തു ദിവസത്തെ അവധി വേണമെന്നും സഖ്യസേന അതിനകം യുദ്ധം തുടങ്ങണമെന്നും ബനൂഖുറൈള ആവശ്യപ്പെട്ടു. അതനുസരിച്ച് ഖുറൈശി പാളയത്തിൽ പടഹധ്വനി മുഴങ്ങി. അതിനിടയിൽ മറ്റു ചില സംഭവങ്ങളുണ്ടായി. മുസ്‌ലിംകളിൽ നുഐമുബ്നു മസ്ഊദ് എന്ന ഒരാളുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മാനസാന്തരം പരസ്യമായിട്ടുണ്ടായിരുന്നില്ല. ഖുറൈശികളുമായും ബനൂഖുറൈളയുമായും അദ്ദേഹത്തിന് നല്ല സൗഹൃദമായിരുന്നു. തങ്ങളുടെ ആളായിട്ടാണ് അവരദ്ദേഹത്തെ കണ്ടിരുന്നത്. ഈ ബന്ധം പ്രവാചകനെ അറിയിച്ച നുഐം അതുപയോഗിച്ച് താൻ വല്ല സേവനവും ചെയ്യേണ്ടതുണ്ടോ എന്നാരാഞ്ഞു. ബനൂഖുറൈളയെയും ഖുറൈശികളെയും തമ്മിൽ പിണക്കാൻ ശ്രമിക്കുക എന്ന് പ്രവാചകൻ ആവശ്യപ്പെട്ടു. നുഐം ആദ്യം ബനൂഖുറൈളയുടെ കോട്ടയിൽ ചെന്നു. ജാഹിലിയ്യാ കാലം മുതലേ അവരുമായുള്ള തന്റെ സൗഹാർദബന്ധം പുതുക്കിയ ശേഷം ആസന്നമായ യുദ്ധത്തെക്കുറിച്ച് സംസാരിച്ചു തുടങ്ങി. ഖുറൈശികളുടെ പക്ഷത്ത് ചേരുന്നത് ആപത്താണെന്ന് അദ്ദേഹം അവരെ താക്കീതു ചെയ്തു. ഖുറൈശികൾ പരാജിതരാകുന്ന പക്ഷം നിങ്ങളെ മുസ്‌ലിംകളുടെ ദയക്ക് വിട്ട് അവർ സ്വന്തം നാട്ടിലേക്ക് പോകും. തുടർന്ന് മുഹമ്മദിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന കൊടിയ പ്രതികാര നടപടിക്ക് നിങ്ങൾ ഇരയാകും. അത് സംഭവിക്കാതിരിക്കാൻ നിങ്ങൾ ഒരു കാര്യം ചെയ്യുക: ഏതാനും ഖുറൈശികളെ ഞങ്ങളുടെ അധീനതയിൽ നിർത്തിയ ശേഷമേ ഞങ്ങൾ നിങ്ങളോടൊപ്പം യുദ്ധത്തിനിറങ്ങൂ എന്ന് അവരെ അറിയിക്കുക. അവരെ വെച്ച് വിലപേശി നിങ്ങൾക്ക് സ്വന്തം സുരക്ഷിതത്വം ഉറപ്പാക്കാമല്ലോ. ഖുറൈള ഗോത്രത്തിന്റെ തലവനായ കഅ്ബിന് ഇതൊരു നല്ല തന്ത്രമാണെന്ന് ബോധിച്ചു.

അനന്തരം നുഐമുബ്നു മസ്ഊദ് ഖുറൈശി പാളയത്തിലെത്തി അവരോട് പറഞ്ഞു: മുഹമ്മദുമായുണ്ടായിരുന്ന കരാർ ലംഘിച്ചതിൽ ബനൂഖുറൈള ഖേദിച്ചു തുടങ്ങിയിരിക്കുന്നു. എങ്ങനെയെങ്കിലും സൗഹാർദബന്ധം പൂർവസ്ഥിതിയിലാക്കാനാണ് ഇപ്പോൾ അവരാഗ്രഹിക്കുന്നത്. ഏതാനും ഖുറൈശി പ്രമുഖരെ മുഹമ്മദിന് പിടിച്ചുകൊടുക്കുകയാണ് അവരതിനു കാണുന്ന മാർഗം. അതിനാൽ നിങ്ങളുടെ പക്ഷത്തുനിന്ന് വല്ലവരെയും തങ്ങളുടെ കൂടെ നിർത്തണമെന്ന് അവരാവശ്യപ്പെട്ടാൽ വഴങ്ങരുതെന്ന് നുഐം ഖുറൈശികളെയും ഗത്ഫാൻകാരെയും ഉപദേശിച്ചു. രണ്ടു കക്ഷികളിലും ബനൂഖുറൈളയുടെ കൂറിനെക്കുറിച്ച് സംശയം ജനിപ്പിക്കാൻ അതുമതിയായിരുന്നു. അവർ കൂടിയാലോചിച്ച് ഒരു തീരുമാനമെടുത്ത് ഖുറൈളയെ അറിയിച്ചു. 'ദുരിതമയമായ ഈ ഉപരോധം ഇനിയും നീട്ടിക്കൊണ്ടുപോകാനാവില്ല. നാളെത്തന്നെ നിങ്ങൾ ആക്രമണം തുടങ്ങണം. പിന്നാലെ ഞങ്ങളുമുണ്ടാകും.' നാളെ സാബ്ബത്ത് ആയതിനാൽ ഞങ്ങൾക്ക് യുദ്ധം തുടങ്ങാനൊക്കില്ല എന്നായിരുന്നു ബനൂഖുറൈളയുടെ മറുപടി. സാബ്ബത്ത് മറ്റൊരു ദിവസത്തേക്ക് മാറ്റിവെച്ച് നാളെ യുദ്ധം തുടങ്ങിയേ തീരൂവെന്നും ഇല്ലെങ്കിൽ നമ്മൾ തമ്മിലുള്ള കരാർ ദുർബലപ്പെടുമെന്നും അറിയിച്ചു. അങ്ങനെ വന്നാൽ ഞങ്ങൾ ആദ്യം ആക്രമിക്കുന്നത് നിങ്ങളെയായിരിക്കുമെന്ന് അബൂസുഫ്‌യാൻ ബനൂഖുറൈളയെ ഭീഷണിപ്പെടുത്തുകയും ചെയ്തു. പക്ഷേ, സാബ്ബത്തിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചക്കും ബനൂഖുറൈളയുടെ തലവൻ തയാറായില്ല. ഒപ്പം 'ഞങ്ങൾ യുദ്ധം തുടങ്ങും മുമ്പ് നിങ്ങൾ കുറച്ചാളുകളെ ജാമ്യക്കാരായി അയച്ചു തരണ'മെന്ന് ആവശ്യപ്പെടുകയും ചെയ്തു. അതോടെ നുഐം പറഞ്ഞത് തികച്ചും സത്യമാണെന്ന് ഖുറൈശികൾ ഉറപ്പിച്ചു. അനന്തര നടപടികളെക്കുറിച്ച് അന്നു രാത്രി സഖ്യസൈന്യം കൂടിയാലോചനയിലേർപ്പെട്ടു. ഗത്ഫാൻ ഗോത്രത്തിനും യുദ്ധത്തിൽ താൽപര്യമില്ലാതായിക്കഴിഞ്ഞിരുന്നു. മദീനയിലെ മൂന്നിലൊന്ന് ഉൽപന്നം നൽകി അവരുമായി ഒത്തുതീർപ്പുണ്ടാക്കാൻ പ്രവാചകൻ ആലോചിക്കുന്നുവെന്നറിഞ്ഞതും ബനൂഖുറൈള കൂറുമാറിയതുമാണ് അവരെ പിന്നോട്ടടിപ്പിച്ചത്.

അതിനിടെ ശക്തമായ കാറ്റടിക്കാൻ തുടങ്ങി. കൂടെ പേമാരിയും ചെവിടടപ്പിക്കുന്ന ഇടിയും കണ്ണഞ്ചിക്കുന്ന മിന്നലും. ഇതേക്കുറിച്ചാണ് 4-ാം സൂക്തം പറഞ്ഞത്. സഖ്യസൈന്യം ജീവനും കൊണ്ട് ഓടിപ്പോയി. നേരം പുലർന്നപ്പോൾ പാളയം ശൂന്യമായിരുന്നു. മുസ്‌ലിംകൾക്ക് യുദ്ധമേ ചെയ്യേണ്ടിവന്നില്ല. ശത്രുക്കൾ ഉപേക്ഷിച്ചുപോയ ജംഗമവസ്തുക്കളെല്ലാം യുദ്ധാർജിത മുതലുകളായി അവർക്ക് ലഭിക്കുകയും ചെയ്തു. ഈ മുതലുകളിൽ പങ്കുപറ്റാനുള്ള ഭീരുക്കളുടെയും കപടന്മാരുടെയും ആർത്തിയെയാണ് മുൻസൂക്തം സൂചിപ്പിച്ചത്.

ശത്രുക്കൾ സ്ഥലംവിട്ടെങ്കിലും അവർ മദീനാ ആക്രമണപദ്ധതി ഉപേക്ഷിച്ച് നാട്ടിലേക്ക് തിരിച്ചുപോയെന്ന് വിശ്വസിക്കാൻ ഭീരുക്കൾക്കും കപടന്മാർക്കും കഴിഞ്ഞില്ല. അറബികൾ ഇതുവരെ കണ്ടിട്ടില്ലാത്തത്ര ഗംഭീരമായ പടയാണ് ഇസ്‌ലാമിന്റെ കഥകഴിക്കാൻ എത്തിയത്. നഗരാതിർത്തിയിൽ നിർമിക്കപ്പെട്ട കിടങ്ങ് തൽക്കാലം അവരെ കുഴക്കിയെന്നത് ശരിയാണ്. എങ്കിലും മുഹമ്മദിനും മുസ്‌ലിംകൾക്കും കടുത്ത വെല്ലുവിളി ഉയർത്തിക്കൊണ്ട് ഇരുപതിലേറെ നാളുകൾ അവർ മദീനയെ ശക്തിയായി ഉപരോധിച്ചു. ബനൂഖുറൈള അവരുടെ പക്ഷം ചേർന്നതോടെ സഖ്യസേനക്ക് നഗരത്തിലേക്ക് കവാടം തുറന്നുകിട്ടിയതാണ്. ഇന്നോ നാളെയോ യുദ്ധം തുടങ്ങേണ്ടതായിരുന്നു. അതിനിടയിലാണ് അപ്രതിരോധ്യമായ കാറ്റടിച്ചത്. പാളയത്തിൽ തങ്ങാൻ നിവൃത്തിയില്ലാതായപ്പോൾ തൽക്കാലം അവിടെ നിന്നു മാറിനിന്നതാവും. അന്തരീക്ഷം അനുകൂലമാകുമ്പോൾ തിരിച്ചെത്തും. അല്ലാതെ ഇത്ര ഗംഭീരമായ ഒരു മഹാ സൈന്യം ക്ലേശങ്ങൾ വകവെക്കാതെ മൂന്നാഴ്ചയോളം നഗരം ഉപരോധിച്ച ശേഷം ഒന്നും നേടാതെ തിരിച്ചുപോവില്ല. ശത്രുസൈന്യം അക്രമാസക്തരായി തിരിച്ചുവരുമ്പോൾ മദീന വിട്ട് ബദവി ഗ്രാമങ്ങളിലെവിടെയെങ്കിലും പാർക്കുന്നതാണ് തങ്ങൾക്ക് സുരക്ഷിതം. അവിടെനിന്ന് മദീനക്കാരുടെ സ്ഥിതിഗതികൾ അന്വേഷിച്ചുകൊണ്ടിരിക്കാം. യുദ്ധമൊക്കെ കഴിഞ്ഞ് സമാധാനം നിലവിൽവന്ന ശേഷം തിരിച്ചുവരാം. ഈ ദുഷ്ടമനസ്സിനെ അനാവരണം ചെയ്യുകയാണ് പ്രകൃത സൂക്തം. തുടർന്ന് പറയുന്നു: ഇക്കൂട്ടർ മദീനയിൽനിന്ന് ഓടിപ്പോകാതെ

നിങ്ങളോടൊപ്പം വസിച്ചാലും ഗുണമൊന്നുമില്ല. ഞങ്ങളും മുജാഹിദുകളാണെന്ന് മറ്റുള്ളവരെ കാണിക്കാന്‍ നാമമാത്രമായി മാത്രമേ അവര്‍ യുദ്ധത്തില്‍ പങ്കെടുക്കൂ. പ്രവാചകനും ശിഷ്യന്മാരും തബൂക്ക് യുദ്ധത്തിന് പുറപ്പെട്ട സന്ദര്‍ഭത്തില്‍ പടയണിയില്‍നിന്ന് പിന്മാറിനിന്നവരെ കുറിച്ച് 9:47-ല്‍ ഇ പ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

لَوْ خَرَجُوا فِيكُم مَّا زَادُوكُمْ إِلَّا خَبَالًا وَلَأَوْضَعُوا خِلَالَكُمْ يَبْغُونَكُمُ الْفِتْنَةَ

(അവര്‍ കൂടെ വന്നിരുന്നുവെങ്കില്‍ നിങ്ങള്‍ക്ക് പ്രയാസം വര്‍ധിപ്പിക്കുക മാത്രമേ ചെയ്യൂ. നിങ്ങള്‍ക്കിടയില്‍ കുഴപ്പമുണ്ടാക്കാനായി ഓടിനടക്കുക തന്നെ ചെയ്യും).

മൂലത്തിലെ بَادُونَ മരുഭൂവാസികളാണ്. باد ആണ് ഇതിന്റെ ഏകവചനം. ബദവിയ്യ് (ബദു) എന്നും باد-ക്ക് പാഠമുണ്ട്. ഉള്‍നാട്ടുകാരന്‍, അപരിഷ്‌കൃതന്‍, നാടോടി എന്നീ അര്‍ഥങ്ങളിലും باد-യും ബദവിയും ഉപയോഗിക്കും. عرب-ന്റെ അത്യുത്തമ വാചി (افعل التفضيل) ആണ് اعراب. ഇസ്മാഈല്യരും ഖഹ്ത്വാനികളും അടങ്ങിയ സമൂഹത്തിനും അവര്‍ സംസാരിക്കുന്ന ഭാഷക്കും വസിക്കുന്ന പ്രദേശത്തിനും عرب എന്നു പറയും. عَرَبِيٌّ എന്നാണ് സാധാരണ പ്രയോഗം. ഇപ്പോള്‍ പശ്ചിമേഷ്യയും ഉത്തരാഫ്രിക്കന്‍ രാജ്യങ്ങളും അറബ് ഭാഷ സംസാരിക്കുന്ന പ്രദേശങ്ങള്‍ എന്ന നിലയില്‍ അറേബ്യയില്‍ ഉള്‍പ്പെടുന്നു. عَرِبَ -ക്ക് ശുദ്ധമായി, തനിമയുള്ളതായി എന്ന് അര്‍ഥമുണ്ട്. ഏറ്റം അറബിയായവര്‍, അഥവാ അറബിത്തനിമ നിലനിര്‍ത്തുന്ന അപരിഷ്‌കൃത ഗ്രാമീണരാണ് اعراب. ഇതിന്റെ ഏകവചനം ഉപയോഗിക്കാറില്ല.

●

---

لَّقَدْ كَانَ لَكُمْ فِي رَسُولِ اللَّهِ أُسْوَةٌ حَسَنَةٌ لِّمَن كَانَ يَرْجُوا اللَّهَ وَالْيَوْمَ الْآخِرَ وَذَكَرَ اللَّهَ كَثِيرًا ﴿٢١﴾

21. തീര്‍ച്ചയായും ദൈവദൂതനില്‍ നിങ്ങള്‍ക്ക് വിശിഷ്ടമായ മാതൃകയുണ്ടായിരുന്നു; അല്ലാഹുവിലും അന്ത്യനാളിലും പ്രതീക്ഷ പുലര്‍ത്തുകയും സദാ അല്ലാഹുവിനെ ഓര്‍ക്കുകയും ചെയ്യുന്നവര്‍ക്ക്.

**21**

لَّقَدْ كَانَ لَكُمْ = തീര്‍ച്ചയായും നിങ്ങള്‍ക്ക് ഉണ്ടായിരുന്നു فِي رَسُولِ اللَّهِ = അല്ലാഹുവിന്റെ ദൂതനില്‍

أُسْوَةٌ حَسَنَةٌ = വിശിഷ്ടമായ മാതൃക

لِّمَن كَانَ يَرْجُو اللَّهَ وَالْيَوْمَ الْآخِرَ = അല്ലാഹുവിനെയും അന്ത്യനാളിനെയും(ളിലും) പ്രതീക്ഷിക്കുന്നവരായവര്‍ക്ക് (പ്രതീക്ഷ പുലര്‍ത്തുകയും)

وَذَكَرَ اللَّهَ كَثِيرًا = ധാരാളമായി അല്ലാഹുവിനെ ഓര്‍ത്തവര്‍ക്കും (സദാ അല്ലാഹുവിനെ ഓര്‍ക്കുകയും ചെയ്തവര്‍ക്ക്)

ഈ സൂക്തത്തിന് അവതരണ സന്ദര്‍ഭവുമായി ബന്ധപ്പെട്ട മാനവും പൊതുവായ മറ്റൊരു മാനവുമുണ്ട്. സഖ്യസൈന്യം ആക്രമിക്കാനെത്തിയപ്പോള്‍ ഭീതിതരായി പ്രതിരോധ പ്രവര്‍ത്തനങ്ങളില്‍ ഏര്‍പ്പെടാന്‍ മടി. ഓരോ ഒഴികഴിവുകള്‍ പറഞ്ഞ് പടയണിയില്‍നിന്ന് ഒഴിഞ്ഞുമാറാന്‍ ശ്രമിച്ച രോഗാതുരമനസ്സുള്ളവരില്‍ സമരവീര്യവും ആത്മവിശ്വാസവും ആദര്‍ശദാര്‍ഢ്യവും ഉണര്‍ത്തുന്നതിനു വേണ്ടിയുള്ള ഉദ്‌ബോധനം എന്നതാണ് അവതരണ പശ്ചാത്തലവുമായി ബന്ധപ്പെട്ട മാനം. അത്തരം ആളുകളോട് പറയുകയാണ്: നിങ്ങളുടെ മാതൃകാ പുരുഷന്‍ പ്രവാചകനാണ്. അടിയന്തരാവസ്ഥയില്‍ അദ്ദേഹത്തിന്റെ നിലപാടും നടപടികളും പിന്തുടരുകയായിരുന്നു നിങ്ങള്‍ ചെയ്യേണ്ടിയിരുന്നത്. ശത്രുക്കളുടെ ആഗമനം അറിഞ്ഞപ്പോള്‍ അദ്ദേഹം ഭയവിഹ്വലനായില്ല. മദീന വിട്ട് ഓടിപ്പോകുന്നതിനെക്കുറിച്ച് ആലോചിച്ചില്ല. ഒട്ടും കീഴടങ്ങാന്‍ തയാറായതുമില്ല. ശത്രുക്കളുടെ ആക്രമണം ചെറുക്കാനും അവരെ പിന്തിരിപ്പിക്കാനും തന്ത്രങ്ങളാവിഷ്‌കരിച്ച് ധീരമായ പ്രതിരോധ പ്രവര്‍ത്തനങ്ങളില്‍ ഏര്‍പ്പെടുകയാണ് ചെയ്തത്. സല്‍അ് മലയില്‍ അസ്ത്രവിദഗ്ധരെ വിന്യസിച്ചതും മദീനക്കു ചുറ്റും കിടങ്ങു കീറിയതുമൊക്കെ അതിന്റെ ഭാഗമായിരുന്നു. കിടങ്ങു കീറാന്‍ സത്യവിശ്വാസികളിലൊരാളായി വിശപ്പും ദാഹവും ക്ഷീണവും തളര്‍ച്ചയും വകവെക്കാതെ അദ്ദേഹം വിപ്ലവ മുദ്രാവാക്യങ്ങളുയര്‍ത്തിയും സമരഗാനങ്ങളാലപിച്ചും സ്വയം ആവേശം കൊള്ളുകയും സഖാക്കളെ ആവേശം കൊള്ളിക്കുകയും ചെയ്തു. കിടങ്ങ് കുഴിച്ചുകൊണ്ടിരിക്കെ പ്രവാചകന്‍ ഉയര്‍ത്തിയ انا النّبيّ لا كذب انا ابن عبد المطلب (ഞാന്‍

പ്രവാചകൻ തന്നെ, കള്ളമല്ല. ഞാൻ അബ്ദുൽമുത്ത്വലിബിന്റെ പുത്രനാണ്), അല്ലാഹുവിന്റെ പ്രവാചകൻ എന്ന നിലക്ക് അതിഭൗതിക സഹായവും ഖുറൈശിത്തലവനായിരുന്ന അബ്ദുൽ മുത്തലിബിന്റെ പൗത്രൻ എന്ന നിലക്ക് ചോദ്യം ചെയ്യപ്പെടാത്ത ആഭിജാത്യവുമുള്ള തന്നെ ഒരു ഭൗതിക ശക്തിക്കും തോൽപിക്കാനാവില്ല എന്ന വീരസ്യം പ്രഘോഷണം ചെയ്യുകയായിരുന്നു അവിടുന്ന്.

ഇബ്നുറവാഹ ചരിച്ച ഈ ഗാനവും അദ്ദേഹം ആലപിച്ചുകൊണ്ടിരുന്നു:

اللهمّ لولا أنت ماهتدينا - ولا تصدقنا ولا صلّينا
فانزلن سكينة علينا - وثبت لأقدام ان لاقينا

(അല്ലാഹുവേ, നീ ഇല്ലായിരുന്നുവെങ്കിൽ ഞങ്ങൾ സന്മാർഗം പ്രാപിക്കുമായിരുന്നില്ല. ദാനധർമങ്ങൾ ചെയ്യുമായിരുന്നില്ല. നമസ്കരിക്കുകയുമില്ലായിരുന്നു. ആകയാൽ അല്ലാഹുവേ, ഞങ്ങളിൽ ശാന്തി ചൊരിയേണമേ, ശത്രുക്കളോട് ഏറ്റുമുട്ടേണ്ടി വരികയാണെങ്കിൽ ഞങ്ങളുടെ പാദങ്ങൾ ഉറപ്പിച്ചുനിർത്തേണമേ). ഇതെല്ലാം നിഷ്കളങ്കരായ സത്യവിശ്വാസികളിൽ ഉണർത്തിയ ധൈര്യവും ശൗര്യവും ആദർശവീര്യവും അവർണനീയമായിരുന്നു. നസാഈ ഉദ്ധരിച്ച ഒരു നിവേദനത്തിൽ ഇങ്ങനെ കാണാം: കിടങ്ങിൽനിന്ന് മണ്ണ് നീക്കുന്നതിനിടയിൽ ഒരു പാറ പ്രത്യക്ഷപ്പെട്ടു. അത് പൊട്ടിക്കാൻ നബി മൂന്നു വെട്ട് വെട്ടി. ഓരോ പ്രാവശ്യവും പിക്കാസ് പാറയിൽ പതിക്കുമ്പോൾ തീപാറി. ആദ്യത്തെ തീപ്പൊരിയുടെ പ്രകാശത്തിൽ പേർഷ്യൻ നഗരങ്ങളും പരിസരങ്ങളും ദൃശ്യമായി. രണ്ടാമത്തെ തീപ്പൊരിയുടെ പ്രകാശത്തിൽ റോമൻ നഗരങ്ങളും ചുറ്റുപാടുകളും ദൃശ്യമായി. മൂന്നാമത്തെ തീപ്പൊരിയുടെ പ്രകാശത്തിൽ അബ്സീനിയൻ നഗരങ്ങളും പരിസരങ്ങളും ദൃശ്യമായി. പാറ പൊട്ടിപ്പിളർന്ന് കഷ്ണങ്ങളാവുകയും ചെയ്തു. പ്രവാചകൻ ഇത് പറഞ്ഞപ്പോൾ ശിഷ്യന്മാരെല്ലാം തക്ബീർ മുഴക്കി അതേറ്റെടുക്കുകയായിരുന്നു. മുന്നിൽ വിലങ്ങുതടിയായി കിടന്ന പാറ പൊട്ടിച്ചിതറിയപ്പോൾ ആത്മവിശ്വാസത്തിന്റെയും വിജയപ്രതീക്ഷയുടെയും തകർക്കപ്പെടാനാവാത്ത ഒരു പാറ അവരുടെ ഹൃദയങ്ങളിലുയരുകയായിരുന്നു. മരണാനന്തരം പരലോകത്ത് ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നും അവിടെ അല്ലാഹുവുമായി സന്ധിക്കുമെന്നും തങ്ങളുടെ നന്മതിന്മകൾക്കെല്ലാം അർഹമായ കർമഫലം ലഭിക്കുമെന്നും ഉറച്ച പ്രതീക്ഷയുള്ളവരായിരുന്നു അവർ. ഇത്തരം ആശയങ്ങളിലൊന്നും ഉറപ്പില്ലാത്ത ദീനംപിടിച്ച മനസ്സുള്ളവരിലും കപടന്മാരിലും ഇതൊന്നും ചലനം സൃഷ്ടിക്കുകയില്ല. പ്രവാചകൻ വെറുതെ ഓരോ വ്യാമോഹങ്ങൾ പറയുകയാണ്- مَا وَعَدَاللهُ ورسوله الاغرورا എന്നായിരിക്കും അവരുടെ പ്രതികരണം.

ഈ സൂക്തത്തിന്റെ പൊതുവായ മാനം ഇതാണ്: പ്രവാചകചര്യകളെല്ലാം വിശ്വാസികൾ അനുകരിക്കേണ്ട വിശിഷ്ടമായ ജീവിതമാതൃകയാകുന്നു. ജീവിതത്തിന്റെ എല്ലാ വ്യവഹാരങ്ങളിലും പ്രവാചകനെ മാതൃകയാക്കുകയാണ് اتباع الرّسول- ദൈവദൂതനെ പിന്തുടരൽ. ദൈവദൂതനെ പിന്തുടരുകയെന്നാൽ അദ്ദേഹത്തെ അനുസരിക്കുകയാണ്. പ്രവാചകനെ അനുസരിക്കൽ - اطاعة الرّسول- തന്നെയാണ് അല്ലാഹുവിനെ അനുസരിക്കലും സ്നേഹിക്കലും: قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ (പ്രവാചകൻ പറയുക; നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുവിൻ. അല്ലാഹു നിങ്ങളെ സ്നേഹിക്കാൻ-3:31), وَأَنَّ هَٰذَا صِرَاطِي مُسْتَقِيمًا فَاتَّبِعُوهُ (എന്റെ ഈ പാതയാണ് നേരായ പാത. അത് പ ിന്തുടരുവിൻ-6:153), مَّن يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ (ദൈവദൂതനെ അനുസരിച്ചവൻ തീർച്ചയായും അല്ലാഹുവിനെ അനുസരിച്ചിരിക്കുന്നു-4:80). ഈ പ്രമാണങ്ങളുടെ വെളിച്ചത്തിൽ പ്രവാചകമാതൃക ദീനുൽ ഇസ്ലാമിന്റെ അടിത്തറയാകുന്നു. ഈ അടിത്തറ ഖുർആൻ തന്നെ നിർമിച്ചുതന്നിട്ടുള്ളതുമാകുന്നു. പ്രവാചകനെ അനുസരിക്കുന്നവൻ അല്ലാഹുവിനെ അനുസരിക്കുന്നവനാകുന്നു എന്നതിന്റെ അനിവാര്യമായ മറുപുറമാണ് പ്രവാചകനെ ധിക്കരിക്കുന്നവൻ അല്ലാഹുവിനെ ധിക്കരിക്കുന്നു എന്നത്.

പ്രവാചകന്റെ വിശിഷ്ട മാതൃക പിൻപറ്റുക നിർബന്ധ ബാധ്യതയാണോ, അതല്ല അഭികാമ്യമായ കാര്യം മാത്രമാണോ? ഒരു വിഭാഗം പണ്ഡിതന്മാർ പറഞ്ഞു: പ്രവാചകമാതൃകകൾ പിൻപറ്റേണ്ടത് നിർബന്ധമാകുന്നു; ഏതെങ്കിലും മാതൃകയുടെ അനുകരണം അഭികാമ്യം مستحبّ -മാത്രമാണെന്ന് കുറിക്കുന്ന തെളിവ് ലഭിക്കുന്നതുവരെ. മറ്റൊരു വിഭാഗം പറഞ്ഞു: പ്രവാചകമാതൃകകൾ പിന്തുടരുന്നത് അഭികാമ്യമാകുന്നു; ഏതെങ്കിലും മാതൃക പിന്തുടരേണ്ടത് നിർബന്ധമാകുന്നു എന്നു കുറിക്കുന്ന തെളിവ് ലഭിക്കുന്നതു വരെ. ഈ വീക്ഷണമാണ് കൂടുതൽ പ്രബലമായിട്ടുള്ളത്. ഇമാം ഖുർത്വുബി പറയുന്നത് ഇങ്ങനെ: ദീനീവിഷയങ്ങളിൽ പ്രവാചകമാതൃക പിന്തുടരുന്നത് നിർബന്ധ ബാധ്യതയായും ഭൗതിക വിഷയങ്ങളിൽ അഭികാമ്യമായും കണക്കാക്കാം.

സൂക്തത്തിന്റെ രണ്ടാം ഖണ്ഡമായ لِّمَن كَانَ ......... كَثِيرًا എന്ന വാക്യത്തിന്റെ താൽപര്യമിതാണ്: ഞാൻ പ്രവാചകനെ മാതൃകയാക്കുന്നു എന്നവകാശപ്പെട്ടതുകൊണ്ട് ആരും പ്രവാചകന്റെ വിശിഷ്ട മാതൃകക്കുടമകളാകുന്നില്ല. മരണാനന്തരം പരലോകത്ത് ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നും അപ്പോൾ അല്ലാഹുവിന്റെ മുന്നിൽ ചെന്നു നിൽക്കേണ്ടതുണ്ടെന്നും ഉറച്ചു വിശ്വസിക്കുന്നവർക്ക് മാത്രമേ പ്രവാചകമാതൃക പിന്തുടരുമ്പോൾ നേരിടുന്ന പരീക്ഷണങ്ങളും പ്രയാസങ്ങളും വിജയകരമായി തരണം ചെയ്ത് മുന്നോട്ടുപോകാൻ കഴിയൂ. അത്തരക്കാരുടെ മനസ്സുകൾ സദാ ദൈവവിചാരത്താൽ പ്രകാശിതവുമായിരിക്കും. പരലോക വിശ്വാസത്തിൽനിന്നും ദൈവവിചാരത്തിൽനിന്നും മുക്തമായ മനസ്സുകളിൽ സ്വാർഥതയും കാപട്യവും ഭീരുത്വവും കുടിയേറുന്നു. അതിൽ പ്രവാചകന്റെ വിശിഷ്ടമാതൃകകൾക്ക് സ്ഥാനമുണ്ടായിരിക്കുകയില്ല.

●